ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇതിന്റെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ

201 (1906) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം, എരുമപ്പെട്ടി എന്നീ പോലീസ് സ്റ്റേഷനുകൾക്കു മുന്നിലെ റോഡിൽ വിവിധ കേസ്സുകളിലായി പോലീസ് കസ്റ്റഡിയിലെടുത്ത വലിയ വാഹനങ്ങൾ നിർത്തിയിട്ടിരിക്കുന്നത് കാൽനടയാത്രക്കാർക്കും മറ്റുവാഹനങ്ങൾക്കും വലിയ തോതിൽ ബുദ്ധിമുട്ടും ഗതാഗത തടസ്സവും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്ത് ഗതാഗത തടസ്സം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിലുള്ള ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുന്നംകുളം, എരുമപ്പെട്ടി പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് സ്ഥല സൗകര്യമില്ലാത്തതിനാൽ മണൽ കേസിൽ ഉൾപ്പെട്ടതും, Running Condition അല്ലാത്തതുമായ മണൽ വാഹനങ്ങൾ റോഡ് സൈഡിൽ മറ്റ് വാഹനങ്ങൾക്കോ, യാത്രക്കാർക്കോ ഗതാഗത തടസ്സവും ബുദ്ധിമുട്ടും ഉണ്ടാകാത്ത തരത്തിൽ സൂക്ഷിക്കേണ്ടതായി വന്നിട്ടുണ്ട്.

(ബി&സി) നടപടി സ്വീകരിച്ചിട്ടുണ്ട്. കോടതിയിൽനിന്നും ഇതുമായി ബന്ധപ്പെട്ട കേസുകൾ അവസാനിക്കുന്ന മുറയ്ക്ക് വാഹനങ്ങളുടെ ഉടമസ്ഥർക്ക് ആയത് വിട്ടുകൊടുക്കുന്നുണ്ട്.

സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ

202 (1907) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്യപ്പെട്ട സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ, ബലാൽസംഗം, കൊലപാതകം, ലൈംഗികാതിക്രമ കേസ്സുകളിൽ അറസ്റ്റിനു ശേഷം ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ടവർ, റിമാന്റ് ചെയ്യപ്പെട്ടവർ എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ലാത്ത എത്ര കേസ്സുകൾ ഉണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly